# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

## ഓരോ കുട്ടിയും മികവിലേക്ക്

കുറിഞ്ഞാലിയോട് പളളിക്കുന്നി

എം.എൽ.പി.സ്കൂൾ

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | കുറിഞ്ഞാലിയോട് പള്ളിക്കുനി എം.എൽ.പി.സ്കൂൾ |
| മേൽ വിലാസം | : | കുറിഞ്ഞാലിയോട് (പി.ഒ) കോഴിക്കോട് |
| ഫോൺ | : | 9539338199 |
| സ്കൂൾ കോഡ് | : | 16721 |
| വിദ്യാഭ്യാസ ഉപജില്ല | : | തോടന്നൂർ |
| വിദ്യാഭ്യാസ ജില്ല | : | വടകര |
| റവന്യൂ ജില്ല | : | കോഴിക്കോട് |
| ബി.ആർ.സി | : | വടകര |
| സി.ആർ.സി | : | ഒ.എം.യു.പി. |
| ഗ്രാമപഞ്ചായത്ത് | : | ഏറാമല |
| ബ്ലോക്ക് പഞ്ചായത്ത് | : | വടകര |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| നിയമസഭാമണ്ഡലം | : | വടകര |
| താലൂക്ക് | : | വടകര |
| വില്ലേജ് | : | ഏറാമല |
| ഇ.മെയിൽ ഐഡി | : | kurinhaliode16721@gmail.com |

# ആമുഖം

നമ്മുടെ വിദ്യാലയം ഭാവിയിൽ എങ്ങനെയായി തീരണമെന്ന് വിഭാവനം ചെയ്ത് നാം ഏറ്റെടുക്കുന്ന പ്രവർത്തനമാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. കുറിഞ്ഞാലിയോട് പള്ളിക്കുന്നി എ.എൽ.പി സ്കൂളിലെ അധ്യാപകരും രക്ഷിതാക്കളും ചേർന്ന് സാമൂഹ്യബോധവും മൂല്യബോധവും ഉള്ള ഒരു ഉത്തമ തലമുറയെ വാർത്തെടുക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. രക്ഷിതാക്കളുടെ സഹായത്തോടെ നടത്താവുന്ന ശില്പശാലകൾ, ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്താനായി നൽകാവുന്ന പ്രവർത്തനങ്ങൾ പിന്നോക്കക്കാരായ കുട്ടികളെ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ, അധിക വായന, ലൈബ്രറി നവീകരണം എന്നിവയ്ക്കുള്ള നിർദ്ദേശങ്ങൾ, മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് നൽകാവുന്ന അധികപ്രവർത്തനങ്ങൾ, ഒരു സ്കൂളിന് വേണ്ടകാര്യങ്ങൾ എന്നൊക്കെ എന്നിവയാണ് നിർദ്ദേശിച്ച പ്രവർത്തനങ്ങളിൽ ചിലത്. ഓരോ വിഷയമേഖലകളും തിരിച്ച് അതിന്റെ പ്രശ്നങ്ങളും പ്രശ്നപരിഹാരത്തിനാവശ്യമായ ലക്ഷ്യങ്ങളും കണ്ടെത്തി.

# ചരിത്രം

കുറിഞ്ഞാലിയോട് എന്ന ഗ്രാമപ്രദേശത്ത് 89 വർഷമായി അറിവിന്റെ വെളിച്ചം നൽകിക്കൊണ്ടിരിക്കുന്ന വിദ്യാലയമാണ് കുറിഞ്ഞാലിയോട് പള്ളിക്കുനി·എം·എൽ·പി സ്കൂൾ. 1929 ലാണ് സ്കൂൾ സ്ഥാപിതമായത്. പി.എം ശ്രീധരനാണ് സ്കൂൾ മാനേജർ.

ഒരുകാലത്ത് കുറിഞ്ഞാലിയോട് പ്രദേശത്തുള്ള ധാരാളം പേർ പഠിച്ചിരുന്ന വിദ്യാലയമായിരുന്നു ഇത്. ഇന്ന് അവസ്ഥ മാറി. അൺഎയിഡഡ് സ്കൂളുകളും അടുത്തടുത്തായി എയിഡഡ് സ്കൂളുകളും ഉള്ളതുകൊണ്ട് കുട്ടികളുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടായി. അതിനാൽ കുറച്ച് വർഷങ്ങളായി സ്കൂൾ അൺഎക്കണോമിക് വിദ്യാലയങ്ങളുടെ ഗണത്തിലാണ് നിലനിൽക്കുന്നത്. 1 മുതൽ 4 ക്ലാസുകളാണ് ഇവിടെയുള്ളത്. അതോടൊപ്പം എൽ.കെ.ജി, യു.കെ.ജി ക്ലാസുകൾ ഇവിടെയുള്ളതാണ്. സ്കൂളിൽ നിലവിൽ 2 കമ്പ്യൂട്ടറുകളുണ്ട്. സ്കൂളിൽ ആവശ്യമായ മൂത്രപ്പുരയും കക്കൂസും ഉണ്ട്. കുടിവെള്ളത്തിനായി തൊട്ടടുത്ത വീടിനെയാണ് ആശ്രയിക്കുന്നത്. ഒരു അറബിക് അധ്യാപകനുൾപ്പെടെ അഞ്ച് അധ്യാപകരാണ് ഈ സ്കൂളിലുള്ളത്.

നിലവിൽ ധാരാളം പരിമിതികളുണ്ടെങ്കിലും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ ഇവിടുത്തെ കുട്ടികൾ മികച്ച നിലവാരം പുലർത്തുവരുന്നു. മേളകളിൽ കുട്ടികൾ അവരുടെ കഴിവ് തെളിയിക്കാറുണ്ട്. കലാകായിക മേളകളിലും

ശാസ്ത്ര,ഗണിതശാസ്ത്ര മേളകളിലും കുട്ടികളുടെ സജീവ പങ്കാളിത്തം ഉണ്ടാകാറുണ്ട്.

സ്കൂൾ ദൈനംദിന പ്രവർത്തനങ്ങളിലും SSA വക സ്കൂൾ ഗ്രാന്റ് വിനിയോഗത്തിലും പി.ടി.എ കമ്മിറ്റി സജീവമാണ്. 2017 ൽ വിദ്യാലയ വികസന സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ വർഷം പി.ടി.എ യുടെ വകയായി സ്കൂളിന് ഒരു മൈക്ക് ലഭിച്ചിട്ടുണ്ട്. സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളിലും പഠന പാഠ്യേതര പ്രവർത്തനങ്ങളിലും സജീവ ശ്രദ്ധയും സാന്നിദ്ധ്യവും പുലർത്തുന്ന ഒരു പി.ടി.എ യുമാണ് നമുക്കുള്ളത്. കഴിഞ്ഞ രണ്ടുവർഷമായി പ്രസിഡണ്ടായിരുന്ന ഷെരീഫ് വി ഈ വർഷവും പി.ടി.എ പ്രസിഡന്റ്. മദർ പി.ടി.എ പ്രസിഡന്റ് ജിൻസിയാണ്. നന്നായി സഹകരിക്കുന്ന ഒരു SRG യും ഇവിടെ പ്രവർത്തിക്കുന്നു. ഹെഡ് ടീച്ചർ സീന. സി.കെ, ടി. അബ്ദുൾറഹീം, ശ്രീജിത കെ.എം, രസ്ന രാജൻ, മേഘ.എ എന്നിവർ ഇവിടെ സേവനമനുഷ്ഠിക്കുന്നു.

ഇടവേളകളിലെ ലഘുഭക്ഷണം എന്ന രീതിയിൽ കുട്ടികൾക്കായുള്ള പൊടിയരിക്കഞ്ഞി വിതരണം 10 വർഷങ്ങളായി പി.ടി.എ യുടെ സഹകരണത്തോടെ നടത്തി വരുന്നു. ഈ പഞ്ചായത്തിൽ ഞങ്ങൾ ആരംഭിച്ച ഈ പ്രവർത്തനം പിന്നീട് പല സ്കൂളുകൾക്ക് പ്രചോദനമായി മാറി.

ശാസ്ത്ര ക്ലബ്ബ്, ഗണിത ക്ലബ്ബ്, ഐ.ടി ക്ലബ്ബ്, വിദ്യാരംഗം എന്നീ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സ്കൂളിൽ സുഗമമായി നടക്കുന്നു. വിദ്യാലയ വികസന സെമിനാറിന്റെ ഭാഗമായി ഒരു വിദ്യാലയ വികസനസമിതിയും ഇവിടെ പ്രവർത്തിച്ചു വരുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പൊതുവായ ലക്ഷ്യങ്ങൾ

* പഠന പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു.
* മനസൗഹാർദ്ദ രീതിയിലുള്ള പഠനാന്തരീക്ഷം ഉണ്ടാക്കുന്നു
* കുട്ടികളിൽ കായിക ക്ഷമത വളർത്തുന്നു.
* റോഡ് സുരക്ഷ, പരസ്പരസഹായം, എന്നിങ്ങനെയുള്ള മനോഭാവം വളർത്തുന്നു.
* ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കുന്നു.
* വ്യക്തിശുചിത്വം, പൊതുശുചിത്വം, എന്നിവ കുട്ടികളിൽ വളർത്തുന്നു.
* മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഗവേഷണ പ്രവർത്തനങ്ങൾ നൽകുന്നു.
* ക്ലാസ് പി.ടി.എയിൽ മുഴുവൻ രക്ഷിതാക്കളുടെയും സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നു.
* ഓരോ കുട്ടിയുടെയും സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നു.
* വീട് സന്ദർശനം നടത്തുന്നു
* അധ്യാപക ശാക്തീകരണ പ്രവർത്തനങ്ങൾ നൽകുന്നു.
* ജനകീയ ഇടപെടലുകൾ നടത്തുന്നു.
* ലൈബ്രറി ശാക്തീകരിക്കുന്നു.
* വിഭവസമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നു
* PTA, CPTA, SSG എന്നിവയുടെ പ്രവർത്തനം ശാക്തീകരിക്കുന്നു

# അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

സ്കൂളിന്റെ പേര് = കുറിഞ്ഞാലിയോട് പള്ളിക്കുന്നി
എം.എൽ.പി സ്കൂൾ

| നമ്പർ | ടീച്ചറുടെ പേര് | ആൺ/ പെൺ | കാറ്റഗറി | യോഗ്യത |
|---|---|---|---|---|
| 1 | സീന. സി.കെ | പെൺ | ഹെഡ്മിസ്ട്രസ്സ് | പ്രീ-ഡിഗ്രി, ബി.എ ടി.ടി.സി |
| 2 | ശ്രീജിത. കെ.എം | പെൺ | സഹാധ്യാപിക | പ്ലസ്ടു, ടി.ടി.സി |
| 3 | ടി. അബ്ദുൾ റഹീം | ആൺ | ഫുൾടൈം അറബിക് ടീച്ചർ | എസ്.എസ്.എൽ.സി ഓറിയന്റൽ അറബിക് |
| 4 | രസ്ന രാജൻ എം.പി | പെൺ | സഹാധ്യാപിക | പ്ലസ്ടു, ഡിഗ്രി, ടി.ടി.സി |
| 5 | മേഘ.എ | പെൺ | സഹാധ്യാപിക | പ്ലസ്ടു, ഡിഗ്രി ഡി.എൽ.എഡ് |

# അക്കാദമിക ഭൗതിക നേട്ടങ്ങൾ -പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br>• ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം<br>• മികച്ച ലൈബ്രറി, [illegible], കമ്പ്യൂട്ടർ പഠന സൗകര്യം.<br>• 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.<br>• കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം<br>• പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അമ്മയുമൊത്തു എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ<br>• പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്<br>• സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br>• പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>• കാർഷിക പ്രവൃത്തികൾ. ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല<br>• മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്.<br>• വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.<br>• മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല.<br>• കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.<br>• IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.<br>• ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് (5) ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് .സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു .കെ -ഫോൺ കണക്ഷൻ അതുവരെ ലഭ്യമാക്കിയിട്ടില്ല . |

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
- 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

- മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
- ആരോഗ്യ ശീലങ്ങൾ വളർത്തുക.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
- ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

- എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക .
- കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
- വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
- ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

## സമഗ്ര പുരോഗതി രേഖ (Holistic Progress Card)

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും, തുടർന്നുള്ള അധ്യയനത്തിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതൊരു പരീക്ഷാ മാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസികസ്ഥിതികൾ, ശാരീരികക്ഷമത തുടങ്ങിയവയെ സമാനമായി വിലമതിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക.
- ബുദ്ധിമുട്ടുകളും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.
- അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തുക.
- തുടർച്ചയായ അധ്യയനത്തിന് ശാസ്ത്രീയത നൽകുക.
- പാഠപദ്ധതികൾ, പഠനശൈലികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.

### പ്രവർത്തന ഘട്ടങ്ങൾ:

- രേഖയുടെ രൂപരേഖ തയ്യാറാക്കൽ:
  - പ്രധാന മേഖലകൾ:
    - വൈജ്ഞാനികം (Academic)
    - വൈകാരികം (Emotional)
    - സാമൂഹികം (Social)
    - ശാരീരികം (Physical)
    - മാനസികം (Mental)
    - ആചരണപൂർണ്ണത / മൂല്യബോധം
    - ആശയവിനിമയക്ഷമത
    - സഹപാഠികളുമായുള്ള ഇടപെടൽ / സഹകരണം
- വിലയിരുത്തലിന്റെ ഘടകങ്ങൾ നിർണ്ണയിക്കൽ:
  - ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ.
  - അധ്യാപക കമന്റുകൾ / PTA വിലയിരുത്തൽ.
  - ക്ലാസ്സ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ, അർഹതകൾ.
- കാലക്രമാനുസൃതമായി രേഖപ്പെടുത്തൽ:
  - മാസപരവും പാദപരവും ആയി നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക.
  - കുട്ടിയുടെ സ്വഭാവ വ്യത്യാസങ്ങൾ, വളർച്ചാനടവുകൾ എന്നിവ ഇടപെടലുകൾക്കനുസൃതമായി രേഖപ്പെടുത്തുക.
- പുതിയ ക്ലാസിലേക്ക് കൈമാറ്റം:

# പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനം : 1
പേര് : **പുസ്തകം എന്റെ ചങ്ങാതി**
ഉപമേഖല വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | ആനന്ദൻ മാഷ് | 1000 |

പ്രവർത്തനം : 2
പേര് : **എന്റെ പിറന്നാൾ പുസ്തകം**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : **ഉച്ചഭാഷിണി വായന**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4
പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക<br><br>റീഡേഴ്സ് തിയേറ്റർ | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു.<br><br>ക്ലാസ്സ്റും പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി<br><br>ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 5
പേര് : സ്കൂൾ ലൈബ്രറി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ.<br>സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ.<br><br>പ്രാദേശിക ക്ലബ്ബ്കൾ | 5000 |

പ്രവർത്തനം : 6
പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 7

പേര് : ക്ലാസ്സ് തല പതിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 1500 |

പ്രവർത്തനം : 8

പേര് : എന്റെ വായനാ കുറിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 9

പേര് : കയ്യെഴുത്തു മാസികകൾ ,പ്രിന്റഡ് മാഗസിൻ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും<br>പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്നു | വിദ്യാരംഗം ഭാഷാക്ലബ്ബ്<br>പരസ്യം വഴി ഫണ്ടിംഗ് | 15000 |

പ്രവർത്തനം : 10

പേര് : രചനോത്സവം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | 2000 |

പ്രവർത്തനം : 11

പേര് : സർഗ്ഗവേള

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 12

പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക

ഉപമേഖല : ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | നിഷാന , ഖൈറുന്നിസ , സ്വാലിഹ ,ആനന്ദൻ | 3000 |

പ്രവർത്തനം : 13

പേര് : **പാട്ടരങ്ങ്**

ഉപമേഖല : **ഭാഷാ സമൃദ്ധി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം, ശബ്ദപ്രയോഗം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം ഘടിപ്പിക്കുന്നു. രാഗ-താളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ് ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 14

പേര് : **നാട്ടുവിശേഷം കൂട്ടെഴുത്ത്**

ഉപമേഖല : **ലേഖനാവിഭാവനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്തിലെനൈപുണ്യം, സമഗ്ര ചിന്താശേഷി, ദേശീയവിവേകബോധം എന്നിവ വികസിപ്പിക്കുക. | കുട്ടികളുടെ നാട്ടുപരിചയത്തെ ആസ്പദമാക്കി കൂട്ടായി ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെക്കാനും ആലോചനകൾ എഴുതാനും അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബ്കൾ | 5000 |

പ്രവർത്തനം : 15

പേര് : **റീഡേഴ്സ് തിയേറ്റർ**

ഉപമേഖല : **വായനാവളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാതാൽപര്യവും അഭിനയം വഴി വ്യക്തിത്വവികസനവുമാണ് പ്രധാന ലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാനായകർ, സംഭാഷണശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 16

പേര് : **ഭാഷോത്സവം**

ഉപമേഖല : **ഭാഷാ കാഴ്ചവത്ക്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക, ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക. | ഭാഷാ പ്രസംഗം, കഥപറയൽ, കവിതാപാരായണം, കോലജുകൾ, ഭാഷാ പോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം . | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ<br>ഭാഷാ ക്ലബ്<br>ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 17

പേര് : **അരങ്ങത്തേക്ക്**

ഉപമേഖല : **അവതരണശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയമറിയിക്കാൻ സഹായിക്കുക. | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ, സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ.<br>പ്രാദേശിക ക്ലബ്ബ്കൾ | 5000 |

# ഇംഗ്ലീഷ്

പ്രവർത്തനം : 1
പേര് : ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 2
പേര് : ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4

പേര് : Reading Card Work Shop

ഉപമേഖല : വായാനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംങ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

പ്രവർത്തനം : 5

പേര് : Work Sheet Work Shop

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്. ആർ.ജി. | 4000 |

# അറബിക്

പ്രവർത്തനം : 1

പേര് : ലോക ഭാഷ -അറബി ഭാഷ

ഉപമേഖല : അടിസ്ഥാന ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ | രണ്ടുമാസം | അറബി ടീച്ചർ | |

പ്രവർത്തനം : 2

പേര് : അറബി വായനോത്സവം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | • വായനാ മത്സരം ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായാനാകുറിപ്പുകൾ<br>• അറബിക് പത്രവായന/റേഡിയോ | ജൂൺ - മാർച്ച് | അറബി ടീച്ചർ | |

പ്രവർത്തനം : 3

പേര് : അറബി രചനോത്സവം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് | • പതിപ്പുകളുടെ നിർമാണം<br>• വായനാകുറിപ്പ് ശേഖരണം<br>• ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷാകളികൾ | ജൂൺ - മാർച്ച് | അറബി ടീച്ചർ | 2000 |

# ഗണിതം

പ്രവർത്തനം : 1
പേര് : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല
ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | 4000 |

പ്രവർത്തനം : 2
പേര് : ഗണിതലാബ് (ഗണിതമധുരം)
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2023-24 | സ്കൂൾ മാനേജ്മെന്റ് | 15000 |

പ്രവർത്തനം : 3
പേര് : ഗണിതമൂല
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 4

പേര് : യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 5

പേര് : ഗണിതക്ലാസ് പി. ടി. എ.

ഉപമേഖല : സി. പി. ടി. എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 6

പേര് : ഗണിതം മധുരം

ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

# പരിസര പഠനം

പ്രവർത്തനം : 1
പേര് : ശാസ്ത്ര പഠനോപകരണ ശില്പ ശാല
ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |

പ്രവർത്തനം : 2
പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്
ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : പരീക്ഷണകിറ്റ്
ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 4
പേര് : പരീക്ഷണോത്സവം
ഉപമേഖല : ശാസ്ത്രാന്വേഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രവിഷയങ്ങളിലേക്കുള്ള താത്പര്യവും മനഃശാസ്ത്രപരമായ ഉത്സാഹവും വളർത്തുക. | ക്ലാസ്സ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ<br>ശാസ്ത്ര ക്ലബ് | 2000 |

## രസാലഹരി, മൊബൈൽ അഡിക്ഷൻ

പ്രവർത്തനം : 1
പേര് : ലഹരി :- രാസ ലഹരി, മൊബൈൽ അഡിക്ഷൻ
ഉപമേഖല : ശാരീരിക, മാനസിക ആരോഗ്യ ബോധവൽക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക. | ബോധവൽക്കരണ ക്ലാസുകൾ, വീഡിയോകളിലൂടെ പ്രഭാഷണം, ഉപദേശകസംവാദങ്ങൾ, പോസ്റ്റർ നിർമ്മാണം, കടപ്പാട് പ്രകടനങ്ങൾ എന്നിവയുടെ വഴി വഴി കുട്ടികളിൽ ബോധം വളർത്തുന്നു. | അധ്യായന തുടക്കത്തിൽ | ആരോഗ്യ വകുപ്പ്, പോലീസ് SITC | |

# സാമൂഹികാവബോധം

പ്രവർത്തനം : 1
പേര് : അതിഥിയെ അറിയൽ
ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 2
പേര് : പ്രാദേശിക അറിവ്
ഉപമേഖല : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

പ്രവർത്തനം : 3
പേര് : ഫീൽഡ് ട്രിപ്പ്
ഉപമേഖല : പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1
പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ. ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം : 2
പേര് : I T ലാബ്
ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ,ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

## പ്രവൃത്തി പരിചയം

പ്രവർത്തനം : 1
പേര് : പ്രവൃത്തി പരിചയശിൽപശാല
ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി വിശകല |
|---|---|---|---|---|
| 1. നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ.നിർമ്മാണം:ചന്ദനത്തിരി, പാവ, ചോക്ക് etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 2
പേര് : പേപ്പർ ബാഗ് നിർമാണം
ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത വിശക |
|---|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SSG | |

പ്രവർത്തനം : 3
പേര് : ഒറിഗാമി
ഉപമേഖല : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ വിശ |
|---|---|---|---|---|
| ഇതര വിഷവുമായി പഠനവുമായി പ്രവൃത്തിപ രിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേർസൺ | |

# സർഗ വേദി

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG | |

പ്രവർത്തനം : 2
പേര് : ടാലെന്റ് ലാബുകൾ
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | 3000 |

പ്രവർത്തനം : 3
പേര് : പ്രകടന വേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG CT | |

## ആരോഗ്യ - കായിക - വിദ്യാഭ്യാസം

പ്രവർത്തനം : 1

പേര് : കായികാരോഗ്യം

ഉപമേഖല : എയറോബിക്സ് എക്സെർസൈസ്സ് ,ഫുട്ബോൾ കോച്ചിങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് ക്യാമ്പ് , സ്കിപ്പിംഗ് പരിശീലനം , ബാറ്റ്മിന്റൺ ,അത്‌ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | HM<br>SRG<br>PTA | 10,000 |

പ്രവർത്തനം : 2

പേര് : ഹെൽത്ത് ചെക്ക് അപ്പ്

ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | 3,000 |

പ്രവർത്തനം : 3

പേര് : കായിക വിദ്യാഭ്യാസം - അധ്യാപക ശിൽപശാല

ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീരിയഡിൽ ഫിസിക്കൽ എക്സെസ്, ഗെയിംസ്, എന്നി നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 1,000 |